**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3420** **26-10-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷിക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദന ചെലവിന് ആനുപാതികമായ ലാഭം ഉണ്ടാക്കാനാകാത്തതിനെത്തുടർന്ന് നെൽകൃഷി ചെയ്യുന്നതിൽ കർഷകർക്കുള്ള താൽപര്യം കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2018-19 വർഷത്തിൽ ഒരു ക്വിന്റൽ നെല്ലുത്പാദിപ്പിക്കുന്നതിനുള്ള ചെലവ് വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിൽ യഥാക്രമം 1479/-, 1585/-, 1588/- രൂപയാണ്. പ്രസ്തുത വർഷത്തെ നെല്ലിന്റെ സംഭരണ വിലയായ കിലോയ്ക്ക് 25.30 രൂപ പ്രകാരം ഒരു ക്വിന്റൽ നെല്ലിന്റെ വിലയായി കർഷകന് 2530 രൂപ ലഭിച്ചതായി കാണുന്നു. ഇതിനു പുറമെ വൈക്കോലിന്റെ വിലയും കർഷകർക്ക് ലഭിച്ചിരുന്നു. പ്രസ്തുത കണക്ക് പ്രകാരം നെൽകൃഷി ലാഭകരമല്ല എന്ന് പറയാനാവില്ല. എന്നാൽ നെൽകൃഷി പ്രകൃതിയേയും കാലാവസ്ഥയേയും ഏറെ ആശ്രയിക്കുന്ന തിനാൽ പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം മുതലായവ നെൽകർഷകർക്ക് വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. നെൽ കർഷകർക്ക് പരമാവധി പ്രോത്സാഹനം നൽകി അവരെ ഈ മേഖലയിൽ പിടിച്ച് നിർത്തുന്നതിനും നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടാകാതി- രിക്കുന്നതിനും ലക്ഷ്യമിട്ട് കൊണ്ടുള്ള വിവിധ പദ്ധതികളാണ് കൃഷി വകുപ്പും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. നെൽകൃഷിയുടെ വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 202907 ഹെക്ടർ വരെ (2018-19 വർഷത്തിൽ) വർദ്ധിപ്പിക്കാൻ സാധിച്ചു. 2015-16 നെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ വിസ്തൃതിയിലും |

| | | | |
|---|---|---|---|
| | | | ആനുപാതികമായി ഉത്പാദനത്തിലും കുറവ് വന്നിരുന്നു. 2016-17 വർഷത്തിൽ രണ്ടാം വിള കാലത്ത് ഉണ്ടായ രൂക്ഷമായ വരൾച്ചയാണ് ആയതിനു കാരണമായത്. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2015-16മുതൽ 2020-21 വരെ) നെൽകൃഷി വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കരനെൽകൃഷിയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കരനെൽക്കൃഷിക്ക് ജലസേചനം, കളപറിക്കൽ മുതലായവയ്ക്ക് കൂടുതൽ കൃഷിച്ചെലവ് വേണ്ടി വരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ സാധാരണയായി വയലുകളിൽ ചെയ്യുന്ന നെൽകൃഷിക്ക് നൽകുന്നതിനേക്കാൾ വർധിച്ച ആനുകൂല്യമാണ് കരനെൽകൃഷിക്ക് നൽകി വരുന്നത്. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600/- രൂപ നിരക്കിൽ 404.41 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽകൃഷി ലാഭകര മാക്കുന്നതിന്റെ ഭാഗമായി ആയതിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രധാന പരിചരണ മുറകളായ കള നിയന്ത്രണം, ജലസേചനം, നൂതന വളപ്രയോഗ രീതികൾ മുതലായവ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പരിചരണ മുറകൾ കേരളത്തിന്റെ മറ്റു സ്ഥലങ്ങളിലും കർഷകരുടെ കൃഷിയിടങ്ങളിലും പരീക്ഷിച്ചു കൃത്യത ഉറപ്പുവരുത്തിയതിന് ശേഷം കർഷകർക്ക് അനുവർത്തിക്കുന്നതിനായി പ്രചാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2015-16 മുതൽ 2020-21 വരെ) നെൽകൃഷി വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ :**

| വർഷം | വിസ്തൃതി (ഹെക്ടർ) |
|---|---|
| 2015-16 | 196870 |
| 2016-17 | 171398 |
| 2017-18 | 194235 |
| 2018-19 | 202907 |
| 2019-20 | 198180 |

* 2020-21 കൃഷിയുടെ കണക്കുകൾ പ്രസ്തുത വകുപ്പ് നാളിതുവരെ ഔദ്യോഗികമായി പ്രസിദ്ധപ്പെട്ടു ത്തിയിട്ടില്ല .